<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268</u> <u>16-03-2022 - ൽ മറുപടിയ്ക്ക്</u>

<u>കാസർഗോഡ് ജില്ലയിലെ എ.എ.വൈ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ എ.എ.വൈ പദ്ധതിയിൽ ബി.പി.എൽ., എ.പി.എൽ. എന്നീ വിഭാഗത്തിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | എ.എ.വൈ പദ്ധതിയിൽ മുൻഗണനാ വിഭാഗത്തിലെ ഏറ്റവുമധികം ദുരിതമനുഭവിക്കുന്ന ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലയിൽ നിലവിൽ എ.എ.വൈ വിഭാഗത്തിൽ 31095 കാർഡുകളിലായി 127049 അംഗങ്ങൾ ഉണ്ട്. |
| (ബി) | 2016 മുതൽ 2021 വരെ എ.പി.എൽ. വിഭാഗത്തിൽ നിന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് എത്രപേരെ മാറ്റി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 2016 മുതൽ 2021 വരെ 3839 കാർഡുകൾ എ.എ.വൈ വിഭാഗത്തിലേക്കും 12716 കാർഡുകൾ പി.എച്ച്.എച്ച് വിഭാഗത്തിലേക്കും മാറ്റിയിട്ടുണ്ട്. |
| (സി) | ബി.പി.എൽ. ആക്കി കിട്ടുന്നതിന് നിലവിൽ എത്ര അപേക്ഷകൾ ഉണ്ടെന്നും ഇക്കാര്യത്തിൽ തീരുമാനം എപ്പോൾ ഉണ്ടാകുമെന്നും അറിയിക്കുമോ? | (സി) | മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി 5848 അപേക്ഷകളാണ് നിലവിലുള്ളത്. ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർമാർ നിലവിലുള്ള അപേക്ഷകളും ബന്ധപ്പെട്ട രേഖകളും അദാലത്തിലൂടെ പരിശോധിച്ച് അർഹരാണെന്ന് കണ്ടെത്തിയവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ അംഗീകാരത്തിനു വിധേയമായി ലിസ്റ്റിൽ ഉൾപ്പെട്ടവരെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ